Page 1 of 1

## തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് അന്വേഷണം

257 (3699) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ഏതെല്ലാം ഉന്നത ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് അന്വേഷണം നടക്കുന്നു എന്നും ആയതിന് ആസ്പദമായ സംഭവങ്ങളുടെ വിശദാംശങ്ങളും നൽകുമോ;

(ബി) പ്രസ്തുത അന്വേഷണങ്ങളുടെ ഭാഗമായി കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ&ബി) തിരുവിതാംകൂർ ദേവസ്വം ബോർഡ് മുൻ പ്രസിഡന്റ് ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ, മുൻ മെമ്പർ ശ്രീ. അജയ് തറയിൽ എന്നിവർക്കെതിരെ ഉന്നയിച്ചിട്ടുള്ള അഴിമതി ആരോപണത്തെ സംബന്ധിച്ചുള്ള ത്വരിതാന്വേഷണം (No.QV 56/2017/SIU-1, No.QV 57/2017/SIU-1) നടന്നുവരുന്നു. 2013-14 കാലയളവിൽ ശബരിമല ഉത്സവത്തോടനുബന്ധിച്ച് പാത്രങ്ങളും മറ്റ് സാധനങ്ങളും നിയമവിരുദ്ധമായി വാങ്ങിയത് സംബന്ധിച്ച് അഴിമതി ആരോപണത്തിൽ മുൻ ബോർഡ് സെക്രട്ടറി ശ്രീ. വി. എസ്. ജയകുമാറിനെതിരെ കേരള സംസ്ഥാന വിജിലൻസ് & ആന്റികറപ്ഷൻ ബ്യൂറോ മുഖാന്തരം അന്വേഷണത്തിന് ശിപാർശ ചെയ്തിട്ടുണ്ട്. തിരുവിതാംകൂർ ദേവസ്വം ബോർഡ് ശാന്തി നിയമനം സംബന്ധിച്ച് തിരുവാഭരണം കമ്മീഷണർ (റിട്ട.) ശ്രീമതി. എസ്. പാർവ്വതി, തിരുവല്ലം ദേവസ്വം അഡ്മിനിസ്ട്രേറ്റീവ് ആഫീസർ ശ്രീ.ജി. ഗോപകുമാർ എന്നിവർക്കെതിരെ വിജിലൻസ് & ആന്റികറപ്ഷൻ ബ്യൂറോയിൽ കേസ്സുണ്ട്. (No. VC.09/09/SIU). കൊട്ടാരക്കര അസിസ്റ്റന്റ് ആഡിറ്റ് ആഫീസർ ആയിരുന്ന റിട്ടയർ ചെയ്ത ശ്രീമതി ശ്രീലത, പേരൂർ ദേവസ്വം അഡ്മിനിസ്ട്രേറ്റീവ് ആഫീസർ ആയിരുന്ന കാലയളവിൽ ടിയാളുടെ പേരിൽ കാണപ്പെട്ട വീഴ്ചകൾ സംബന്ധിച്ച് സൂപ്രണ്ട് ഓഫ് പോലീസ്, വിജിലൻസ് & ആന്റികറപ്ഷൻ ബ്യൂറോ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ്-2 (കുഞ്ചാലുംമൂട്, തിരുവനന്തപുരം)-ന്റെ കാര്യാലയത്തിൽ അന്വേഷണം നടന്നുവരുന്നു. (No.VC.6/13/SIU-II).

## നെയ്യാറ്റിൻകരയിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങൾ

258 (3700) <u>ശ്രീ. കെ. ആൻസലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിൽ എത്ര ക്ഷേത്രങ്ങൾ ഉണ്ടെന്നും അവയുടെ പേരുവിവരവും സ്ഥലവും വിശദീകരിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly